സമുദായ സംഘടന/ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ സഹിതം അപേക്ഷകൻ താമസിക്കുന്ന പ്രദേശത്തെ ബ്ലോക്ക്/നഗരസഭ പട്ടികജാതി ഓഫീസിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള വിവാഹധനസഹായ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് 20,000 രൂപ അനുവദിച്ചിരുന്നു. അപേക്ഷകരുടെ വാർഷിക വരുമാന പരിധി 22,000 രൂപയായിരുന്നു.

(സി&ഡി) ഇല്ല. എന്നാൽ മുൻ സർക്കാരിന്റെ കാലത്ത് നൽകിവന്നിരുന്ന ഇക അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 20-9-2012-ലെ സ.ഉ.125/2012/SCSTDD നമ്പർ ഉത്തരവ് പ്രകാരം ധനസഹായ ഇക 20,000 രൂപയിൽ നിന്നും 50,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മിശ്ര വിവാഹ ധനസഹായം

305 (2861) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മിശ്ര വിവാഹത്തിനായി ധനസഹായം നൽകുന്ന പദ്ധതിപ്രകാരം ഒരു വ്യക്തിക്ക് എത്ര രൂപയാണ് നൽകിവരുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നൽകിവരുന്നത് ; വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ നൽകിവരുന്ന ഇക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) എങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മിശ്രവിവാഹ ധനസഹായ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് 50,000 രൂപ ധനസഹായം അനുവദിക്കുന്നു. അപേക്ഷകരുടെ വാർഷിക വരുമാന പരിധി 40,000 രൂപയായിരിക്കണം. നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം ജാതി-വരുമാന സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ്, കോ-ലിവിംഗ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുശേഷം 3 വർഷം കഴിയുന്നതിന് മുമ്പായി അപേക്ഷകർ താമസിക്കുന്ന പ്രദേശത്തെ ബ്ലോക്ക്/നഗരസഭ പട്ടികജാതി ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മിശ്രവിവാഹധനസഹായ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് 50,000 രൂപ വരെ ധസഹായമായി അനുവദിച്ചിരുന്നു. അപേക്ഷകരുടെ വാർഷിക വരുമാന പരിധി 22,000 രൂപയായിരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

പട്ടികജാതി/ഒ.ഇ.സി. കുട്ടികൾക്ക് സർക്കാർ ഗ്രാന്റ്

306 (2862) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി/ഒ.ഇ.സി. കുട്ടികൾക്ക് പഠന കാലയളവിൽ സർക്കാരിൽ നിന്ന് അനുവദിക്കുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ എന്തെല്ലാമാണ് ;

(ബി) സംസ്ഥാനത്തെ കായിക വിദ്യാഭ്യാസ പരിശീലന കലാലയങ്ങളിൽ പഠിക്കുന്ന എസ്.സി./ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ടോ ;

(സി) എങ്കിൽ ഇപ്രകാരമുള്ള ഏതു കലാലയങ്ങളിൽ നിലവിൽ ഗ്രാന്റ് അനുവദിക്കുന്നുണ്ട് ; വ്യക്തമാക്കുമോ ;